"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ് - പോലീസ് വകുപ്പ് - മലപ്പുറം ജില്ലാ പോലീസ് മേധാവിയുടെ ചുമതലയിലുള്ള ഡിപ്പാർട്ട്മെന്റ് വാഹനം KL 01 CE 6700 Traveller അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന്-അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര(ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.2652/2024/HOME തീയതി,തിരുവനന്തപുരം, 10-09-2024

---

പരാമർശം:-

1. സർക്കാർ ഉത്തരവ് സ.ഉ.(കൈ) നം.401/2018/ധന തീയതി 23.10.2018.
2. സംസ്ഥാന പോലീസ് മേധാവിയുടെ 18.03.2024, 22.07.2024 തീയതികളിലെ ആർ3-226380/2023/പി.എച്ച്.ക്യു നമ്പർ കത്തുകൾ.

**ഉത്തരവ്**

സംസ്ഥാന പോലീസ് മേധാവിയുടെ പരാമർശിത കത്തുപ്രകാരം, മലപ്പുറം ജില്ലാ പോലീസ് മേധാവിയുടെ ചുമതലയിലുള്ള ഡിപ്പാർട്ട്മെന്റ് വാഹനം KL 01 CE 6700 Traveller അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനായി 63,000/- രൂപ 2055-00-109-99-21 MV 2 R&M എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ അപേക്ഷയിലെ വിശദാംശങ്ങളുടെയും ബന്ധപ്പെട്ട രേഖകളുടെയും അടിസ്ഥാനത്തിൽ, മലപ്പുറം ജില്ലാ പോലീസ് മേധാവിയുടെ ചുമതലയിലുള്ള ഡിപ്പാർട്ട്മെന്റ് വാഹനം KL 01 CE 6700 Traveller അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുന്നതിനായി 63,000/- രൂപ (അറുപത്തിമൂവായിരം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിലെ 2055-00-109-99-00-21-2-NV എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി ചെലവഴിക്കുന്നതിന്, നിലവിലെ ചട്ടങ്ങൾക്കും, നടപടി ക്രമങ്ങൾക്കും വിധേയമായി അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അജികുമാർ ജി

അണ്ടർ സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം. (അപേക്ഷയോടൊപ്പം ലഭ്യമാക്കിയ എല്ലാ രേഖകളും സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
ജില്ലാ പോലീസ് മേധാവി, മലപ്പുറം.
ഡയറക്ടർ, ഐ & പിആർഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Jalaja Kumari M S
Date: 10-09-2024 10:53:40

സെക്ഷൻ ഓഫീസർ